# Friday Sermon / വെള്ളിയാഴ്ച ഖുത്തുബ 10/04/2015

## (20 JAMADUL AAKHIR 1436 Hijiri)

## Hazrat Khalifathullah Munir Ahmad Azim (A)

### What Does The Bible Say about Swine ? / പന്നിയെക്കുറിച്ച് ബൈബിൾ എന്തു പറയുന്നു ?

സലാമിനും തശഹ്ഹുദ്, തഅവ്വദ്, സൂറഃഅൽഫാത്തിഹാ ഓതിയശേഷം ഹസ്രത് മുഹ്യിദ്ദീൻ (അ) പറഞ്ഞു.

പന്നി വിഷയമായി മറ്റൊരു പ്രസംഗം നടത്തുവാൻ ഞാൻ ഉദ്ദേശിച്ചിരുന്നില്ല. എന്നാൽ ഈ വിഷയത്തിലുള്ള കഴിഞ്ഞ ആഴ്ചയിലെ പ്രഭാഷണത്തിന് ശേഷം, മുല്ലാ ബശാറത്ത് നവീദ് പറഞ്ഞതു സംബന്ധമായും മറ്റും അനേകം ചോദ്യങ്ങൾ മൗറീഷ്യൻ ജനതയിൽ നിന്നും എനിക്ക് ലഭിക്കുകയുണ്ടായി. അതേപോലെ തന്നെ അയൽ ദ്വീപുകളായ റീയൂണിയൻ അയലന്റിൽ നിന്നും, മഡഗാസ്ക്കറിൽ നിന്നും, സെചില്ലസിൽ നിന്നും, റോഡ്ഗ്രിസിൽ നിന്നുപോലും ഇത് സംബന്ധമായ ചോദ്യങ്ങൾ വന്നു. ആയതിനാൽ ഇന്നത്തെ വെള്ളിയാഴ്ച ഖുത്തുബയിലൂടെ ആ ചോദ്യങ്ങൾക്ക് ഉത്തരങ്ങൾ നൽകാം എന്ന് വിചാരിക്കുകയാണ്. ഇൻശാ അല്ലാഹ് ! അവരുടെ ചോദ്യങ്ങൾക്ക്, അവർക്ക്, തൃപ്തിവരത്തക്ക നിലയിലുള്ള ഉത്തരങ്ങൾ നൽകുവാനുള്ള തൗഫീഖ് അല്ലാഹു (ത) എനിക്കു നൽകുമാറാകട്ടെ ! ആമീൻ. അതിലൂടെ അല്ലാഹു (ത) അവരുടെ ഹൃദയങ്ങളെ പ്രകാശഭരിതമാക്കട്ടെ ആമീൻ.

**ചോദ്യം 1 :–** ക്രിസ്ത്യൻ എന്ന നിലയിൽ, എനിക്ക് പന്നിമാംസം കഴിക്കുവാൻ ഒരു പ്രയാസവുമില്ല, ഈ നല്ല ആഹാരം കഴിക്കുവാൻ എന്തുകൊണ്ടാണ് മുസ്ലീംങ്ങൾക്ക് ക്രിസ്ത്യാനികളെപ്പോലെ അനുവാദമില്ലാത്തത്?

അത്ഭുതത്തോടെയാണ് ഞാൻ ഈ ചോദ്യത്തിന് ഉത്തരം നൽകുന്നത് ! പ്രമാണപ്രകാരം ക്രിസ്ത്യാനികൾക്കും പന്നിമാംസം കഴിക്കൽ അനുവദനീയമല്ല. ശരീ ! പന്നിയെപ്പറ്റി ബൈബിൾ എന്തുപറയുന്നു എന്നു നോക്കാം. **"പന്നി കുളമ്പു പിളർന്നതായി, കുളമ്പ് രണ്ടായി പിരിഞ്ഞിരിക്കുന്നതെങ്കിലും അയവിറക്കുന്നതല്ലാത്തതിനാൽ അത് നിങ്ങൾക്ക് അശുദ്ധം ആകുന്നു. ഇവയുടെ മാംസം നിങ്ങൾ ഭക്ഷിക്കരുത്; പിണം സ്പർശിക്കുകയും അരുത്; ഇവ നിങ്ങൾക്ക് അശുദ്ധമാകുന്നു." (ലേവ്യ പുസ്തകം (11:7 – 8) ഇതേ കൽപ്പന ആവർത്തന പുസ്തകം 14:8ൽ ആവർത്തിച്ചിട്ടുണ്ട്. അതായത്** "പന്നിയുടെ കുളമ്പ്, പിളർന്നതെങ്കിലും അത് അയവിറക്കുന്നില്ല. അത് നിങ്ങൾക്ക് അശുദ്ധമാകുന്നു. ; ഇവയുടെ മാംസം ഭക്ഷിക്കരുത്; ജഡത്തെ സ്പർശിക്കുകയുമരുത്; (14:8)

ഈ വചനങ്ങൾക്ക് ഒരു വിശദീകരണം നൽകേണ്ടതുണ്ട്. നിയമങ്ങൾ രേഖപ്പെടുത്തപ്പെട്ടതും അനുസരിക്കപ്പെടേണ്ടതുമാണ്; കാരണം അവ ദൈവീക ഇച്ഛയുടെ പ്രതിഫലനമാണ്. പന്നി മാംസം മനുഷ്യൻ സാധാരണ ഉപയോഗിക്കുന്ന ഒരു ഭക്ഷണമാണെങ്കിലും അത് ഏറ്റവും മോശമായ ഒരു ഭക്ഷണം തന്നെയാണ്. ദൈവം ജൂതന്മാർക്ക് പന്നിയെ ഭക്ഷിക്കുന്നത് നിരോധിച്ചിട്ടുള്ളതാകുന്നു. തന്റെ അധികാരം ശക്തിപ്പെടുത്തുവാൻ വേണ്ടി മാത്രമല്ല, മറിച്ച് മനുഷ്യർക്ക് ഇത് ആരോഗ്യകരമായ ഒരു ഭക്ഷണമല്ലതന്നെ.

**ചോദ്യം2 :–** ഞങ്ങൾ, ക്രിസ്ത്യാനികൾ, അറിയാൻ ആഗ്രഹിക്കുന്നു. ഈ വിഷയത്തിൽ യേശുക്രിസ്തുവിന്റെ അദ്ധ്യാപനം എന്തായിരുന്നു ? യേശുക്രിസ്തുവിന്റെ അദ്ധ്യാപനവും മുകളിൽ പറഞ്ഞത് തന്നെ! ഒരു മാറ്റവുമില്ലാതെ പഴയ നിയമങ്ങൾ അനുസരിക്കപ്പെടേണ്ടതാണെന്ന് വളരെ വ്യക്തമായി പറഞ്ഞിട്ടുള്ളതാകുന്നു. ആയതിനാൽ ഞാൻ നൽകിയ ഉത്തരങ്ങൾ, നമ്മുടെ ക്രിസ്ത്യൻ സഹോദരി സഹോദരന്മാർക്ക് മാത്രമല്ല, നമ്മുടെ എല്ലാ ജൂത സഹോദരീസഹോദരന്മാർക്കുമുള്ളതാണ്. മറുപടി എന്ന നിലയിൽ ഞാൻ പറയുന്നു. യേശുക്രിസ്തു (അ) പറഞ്ഞു. **"ഞാൻ ന്യായ പ്രമാണത്തേയോ പ്രവാചകൻമാരെയോ നീക്കേണ്ടതിനാണ് വന്നതെന്ന് നിരുപിക്കരുത്; നീക്കുവാനല്ല നിവർത്തിക്കുവാനത്രേ ഞാൻ വന്നത്. സത്യമായും ഞാൻ നിങ്ങളോട് പറയുന്നു. ആകാശവും ഭൂമിയും നീങ്ങി പോകുന്നതുവരെ സകലതും നിവൃത്തിയാകുവോളം, ന്യായ പ്രമാണത്തിൽ നിന്ന് ഒരു വള്ളിയോ പുള്ളിയോ ഒരുനാളും നീങ്ങിപോകുകയില്ല. ആകയാൽ ഈ ഏറ്റവും ചെറിയ കല്പനകളിൽ ഒന്ന് ലംഘിക്കുകയും മനുഷ്യരെ അങ്ങനെ പഠിപ്പിക്കുകയും ചെയ്യുന്നവൻ ഏറ്റവും ചെറിയവനെന്ന് വിളിക്കപ്പെടും; അവ ആചരിക്കുകയും പഠിപ്പിക്കുകയും ചെയ്യുന്നവനോ സ്വർഗ്ഗരാജ്യത്തിൽ വലിയവനെന്ന് വിളിക്കപ്പെടും." (മത്തായി 5:17 – 19)**

മറ്റൊരു ചോദ്യം, രോഗങ്ങൾ പരത്തുന്നതിൽ പന്നി മാത്രമല്ലല്ലോ ഉത്തരവാദി. ബീഫിലും, മട്ടണിലും ചില പകർച്ച രോഗാണുക്കൾ ഉണ്ടല്ലോ ? ഈ ചോദ്യത്തിനുള്ള ഉത്തരമായി എനിക്ക് പറയുവാൻ കഴിയുന്നത് നിങ്ങളുടെ വാദങ്ങൾ ബീഫിലും മട്ടണിലും മാത്രം പരിമിതപ്പെടുത്തിയതെന്തേ ? സസ്യജാലങ്ങളിൽ പോലും രോഗം പരത്തുന്ന അണുക്കളുള്ളതായി ഞാൻ മനസ്സിലാക്കുന്നു. മനുഷ്യന് അറിവ് ലഭിച്ചിട്ടുള്ള മാംസാഹാരങ്ങളിൽ ഏറ്റവും കൂടുതൽ അണുക്കളെ വഹിക്കുന്ന മാംസം പന്നിയുടേതാണ്. എന്നത് ഒരു വസ്തുതയാണ്. നാം പന്നിമാംസത്തെക്കുറിച്ച് എത്രത്തോളം ആഴത്തിൽ പഠിക്കുന്നുവോ അത്രത്തോളം ഭയപ്പെടേണ്ടതാണ് എന്ന് നമുക്ക് അപ്പോൾ മനസ്സിലാകും. !

പന്നിയിൽ കണ്ടെത്തിയിട്ടുള്ള അനേകം അണുക്കളും, പരാന്ന ഭുക്കുകളും, പകർച്ചവ്യാധികളും മരണഹേതുകങ്ങളാണ്. ശാസ്ത്രം പുരോഗമിക്കുന്നതിനനുസരിച്ച്, ഇസ്ലാമിന്റെ സത്യത വീണ്ടും വീണ്ടും തെളിയിക്കപ്പെട്ടുകൊണ്ടിരിക്കുന്നു. അതായത് ഇസ്ലാമിന്റെ സത്യത / പ്രസ്താവനകൾ/ കൽപ്പനകൾ. ആധുനിക പരാന്നഭുക്ക് ശാസ്ത്രത്തിൽ രേഖപ്പെടുത്തുന്നു; ആദിമ അണു, ഒരു ഉരുണ്ട വിര, അത്തരം ഒരു പരാന്നവിര, പന്നി, മനുഷ്യരിലേക്ക് കടത്തിവിടുന്ന മാരകരോഗങ്ങൾക്ക് കാരണമായിത്തീരുന്നു. ഉദാഹരണത്തിന്, ഈ ആദിമ വിരയ്ക്ക് ഡോക്ടർമാർ പേരിട്ടിരിക്കുന്നത് **"ബാലന്റീഡിയംകൂലി"** എന്നാണ്. ഈ പരാന്നഭുക്ക് വൻകുടലിൽ വസിക്കുന്നു. ഇത് മനുഷ്യനിൽ ബാധിക്കുന്ന നീളമുള്ള പ്രഥമ അണുവാണ്. ഈ ബാക്ടീരിയയോടൊപ്പം, പന്നികൾ താഴെപ്പറയുന്ന അണുക്കളുടെയും പരാന്നഭുക്കുകളുടെയും പ്രധാന വാഹകരുമാണ്.

1. നാടവിര, 2. ഉരുണ്ട വിര 3. കൊക്കപ്പുഴു 4. ഫേസിയോ ലോപ്സിസ് ബസ്ക്കി (5) പാരഗോണിമസ് (6) ഗ്ളോനോർക്കിസ് സിനിൻസ് 7. എറിസിപ്പേലോപ്രിക്സ് റുസിയോപതിയ.

**1. നാടവിര : –** നാടവിര കടന്നാക്രമണത്തിന്റെ പ്രധാന ഉറവിടം പന്നിയാകുന്നു. ലോകമെമ്പാടും വിവിധ തരത്തിലാണ് പന്നിയിലെ നാടവിരാ ബാധ മനുഷ്യരിലുണ്ടാകുന്നത്.

**2. ഉരുണ്ടവിര :–** ഇത് 23- 26 സെന്റീമീറ്റർ വലിപ്പത്തിലുള്ള ഒരു പരാന്ന ജീവിയാണ്. ഈ വിരയെ സഞ്ചാരിയെന്നും വിളിക്കാറുണ്ട്. കാരണം ഇവ മനുഷ്യ ശരീരത്തിന്റെ വിവിധ അവയവങ്ങളിൽ പ്രവേശിക്കുകയും അവയവങ്ങൾക്ക് ക്ഷതം ഏൽപ്പിക്കുകയും ചെയ്യുന്നു.

**3. കൊക്കപ്പുഴു :-** കൊക്കപ്പുഴു മനുഷ്യശരീരത്തിലെ തൊലി തുളച്ചാണ് അകത്ത് കടക്കുന്നത് അഥവാ മുറിവിലൂടെ ! മനുഷ്യ കാഷ്ടം പന്നി ഭക്ഷിക്കുന്നു. മനുഷ്യ കാഷ്ടത്തിൽ ഈ പരാന്ന ഭുക്കിന്റെ മുട്ടകൾ ഉണ്ടായിരിക്കും. എന്നിട്ട് ഈ മുട്ടകൾ പന്നിയുടെ ശരീരത്തിൽ വളർച്ച പ്രാപിക്കുന്നു. ചെറുവിരകൾക്ക് അവിടെ ജന്മം നൽകുന്നു. അവ പുറത്തു വരുമ്പോൾ അവ മനുഷ്യനെ ബാധിക്കുന്നു. ഉഷ്ണ മേഖലാ രാജ്യങ്ങളിൽ , ഈ പകർച്ച വ്യാധി വളരെ വലിയ പ്രശ്നങ്ങൾ സൃഷ്ടിക്കുന്നു.

**4. ഫേസിയോ ലോപ്സിസ് ബസ്ക്കി** :- പന്നിയുടെ ചെറുകുടലിൽ ഈ പരാന്ന ഭുക്കുകൾ വളരെകാലം പ്രത്യക്ഷമാകാതെ കിടക്കുന്നു. പന്നികളുടെ അന്ത്യത്തോടെ, ഈ മറഞ്ഞു കിടക്കുന്ന പരാന്ന ഭുക്കുകൾ ഒച്ചുകളിൽ കടന്നു കൂടുന്നു; എന്നിട്ട് മനുഷ്യനെ മലീമസമാക്കുന്നു. ഇത് ചൈനയിൽ സാധാരണമാണ്.

**5. പാരഗോണിമസ്** : – പന്നികളുടെ ശ്വാസകോശങ്ങളിൽ വസിക്കുന്ന ഒരു സാധാരണ പരാന്നഭുക്കാണിത്. പന്നികളിൽ ഇത് ന്യൂമോണിയ്ക്ക് കാരണമാകുന്നു.

സമയ പരിമിതി മൂലം ഞാൻ നിറുത്തുന്നു. അടുത്ത ആഴ്ച ഇതേ വിഷയം തുടരുവാനുള്ള തൗഫീഖ് അല്ലാഹു (ത) നൽകട്ടെ ! ഇൻശാ അല്ലാഹ് ! ആമീൻ!


**Issued By**
**R. Jamaludin Raother**
**Amir**
Jamaat-Ul-Sahih-Al-Islam, Kerala South zone
*Ph: 9447001832 / 0475 2220223*
*email : jamal.raother@gmail.com*
*www.jamaat-Ul-Sahih-Al-Islam.com*

**Translated by**
**R. Jamaludin Raother**


*****************